"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - കാസറഗോഡ് ജില്ല - ചെറുവത്തൂർ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. ഏണസ്റ്റ് എടപ്പള്ളിക്കെതിരായ അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

സ.ഉ.(സാധാ) നം.1249/2023/LSGD തീയതി,തിരുവനന്തപുരം, 17-06-2023

---

പരാമർശം:-

1 പഞ്ചായത്ത് ഡയറക്ടറുടെ 27.01.2008-ലെ ഡി9/28033/2007(3) നമ്പർ കുറ്റപത്രം

2 പഞ്ചായത്ത് ഡയറക്ടറുടെ 14/12/2012 ലെ ഡി9-28033/07 നമ്പർ കത്ത്.

3. സർക്കാരിന്റെ 28/02/2015 തീയതിയിലെ 77125/ഇപിബി3/2012/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്.

4 ശ്രീ. ഏണസ്റ്റ് എടപ്പള്ളിയുടെ 31/03/2015 ലെ പ്രതിവാദപത്രിക

5 പഞ്ചായത്ത് ഡയറക്ടറുടെ 24/02/2016 ലെ ഡി9-28033/07 നമ്പർ കത്ത്

6 സ.ഉ.(സാധാ)നം. 717/2021/തസ്വഭവ. തീയതി, 18/03/2021.

7 കാസർഗോഡ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 25/05/2021 തീയതിയിലെ ഡിഡിപി/കെഎസ്ഡി/843/2021/എസ്.സി.6 നമ്പർ ഔപചാരിക അന്വേഷണ റിപ്പോർട്ട്.

8 പഞ്ചായത്ത് ഡയറക്ടറുടെ 24/02/2016 ലെ ഡി9-28033/07 നമ്പർ കത്ത്

9. കേരള പബ്ലിക് സർവ്വീസ കമ്മീഷന്റെ 22/05/2023 ലെ A1-2/41/2022-KPSC നമ്പർ കത്ത്.

ഉത്തരവ്

കാസറഗോഡ് ജില്ലയിലെ ചെറുവത്തൂർ ഗ്രാമപഞ്ചായത്തിന്റെ ഉപാധിരഹിത ഫണ്ട് ഉപയോഗിച്ച് 1996-97 വർഷം നടപ്പിലാക്കിയ രാമൻചിറ റോഡ് മെറ്റലിംഗ് & ടാറിംഗ്, അമ്പലത്തറ പാലച്ചിറ റോഡ്, നാരങ്ങയം -വടക്കേവെളപ്പ് ഹരിജൻ കോളനി റോഡ് എന്നീ മരാമത്ത് പ്രവൃത്തികൾക്കായി അധികം തുക ചെലവ് ചെയ്ത് പഞ്ചായത്തിന് നഷ്ടം ഉണ്ടാക്കി, പ്രവൃത്തികൾക്ക് പ്രാദേശിക നിരക്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കി പഞ്ചായത്ത് ഡയറക്ടറുടെ അനുമതി വാങ്ങിയില്ല, 1996-97 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചില്ല എന്നീ ക്രമക്കേടുകൾക്ക് കാരണക്കാരനായ കാസറഗോഡ് ജില്ലയിലെ ചെറുവത്തൂർ ഗ്രാമ പഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ.ഏണസ്റ്റ് എടപ്പള്ളിക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കണമെന്നുള്ള കേരള നിയമസഭാ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2006-08) യുടെ 7-ാമത് റിപ്പോർട്ടിലെ ശുപാർശയുടെ അടിസ്ഥാനത്തിൽ പരാമർശം(1) പ്രകാരം ശ്രീ.ഏണസ്റ്റ് എടപ്പള്ളിക്കെതിരെ കുറ്റപത്രം നൽകി പഞ്ചായത്ത് വകുപ്പ് ഡയറക്ടർ അച്ചടക്ക നടപടി ആരംഭിച്ചിരുന്നെങ്കിലും ടിയാൻ 31.03.2010-ൽ സേവനത്തിൽ നിന്നും വിരമിച്ചതിനാൽ

KCS(CC&A) ചട്ടങ്ങൾക്ക് വിധേയമായി ടിയാനെതിരെ ആരംഭിച്ച അച്ചടക്ക നടപടി അവസാനിപ്പിക്കുകയും ടിയാൾ സേവനത്തിലുണ്ടായിരുന്ന കാലയളവിൽ കടുത്ത് പെരുമാറ്റ ദൂഷ്യം കാട്ടിയതായി വെളിവാകുന്നതിനാൽ ടിയാനെതിരെ കെ.എസ്.ആർ പാർട്ട് III ചട്ടം 3 പ്രകാരം അച്ചടക്ക നടപടി സർക്കാർ തലത്തിൽ സ്വീകരിക്കുന്നതിനായി ശുപാർശ ചെയ്ത് പരാമർശം (2) പ്രകാരം പഞ്ചായത്ത് വകുപ്പ് ഡയറക്ടർ സർക്കാരിൽ ശുപാർശ സമർപ്പിക്കുകയും ചെയ്തിരുന്നു.

ശ്രീ.ഏണസ്റ്റ് എടപ്പള്ളിക്കെതിരെ പഞ്ചായത്ത് ഡയറക്ടർ നൽകിയ കുറ്റപത്രത്തിലെ ആരോപണങ്ങളെല്ലാം നിലനിൽക്കുന്നതിനാൽ കെ.എസ്.ആർ പാർട്ട് III ചട്ടം (3) പ്രകാരം, ടിയാളുടെ പ്രതിമാസ പെൻഷനിൽ നിന്നും 500/- രൂപ വീതം 5 വർഷത്തേക്ക് തടഞ്ഞ് കഠിന ശിക്ഷ നൽകുന്നതിന് താൽക്കാലികമായി തീരുമാനിച്ച് പരാമർശം (3) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകി ടിയാൾക്കെതിരെയുള്ള അച്ചടക്ക നടപടി പുനഃരാരംഭിച്ചു. ആയതിന് ടിയാൾ ലഭ്യമാക്കിയ പരാമർശം(4) പ്രകാരമുള്ള മറുപടിയിൽ പൊതുമരാമത്ത് പ്രവൃത്തികൾക്കു എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് സാങ്കേതിക പരിജ്ഞാനം സിദ്ധിച്ചിട്ടുള്ള എഞ്ചിനീയറിംഗ് വിഭാഗമാണെന്നും എഞ്ചിനീയർ തയ്യാറാക്കിയ എസ്റ്റിമേറ്റ് ഭേദഗതിചെയ്യുവാനും തിരുത്തുവാനും ഉള്ള അധികാരം സെക്രട്ടറിക്ക് ഇല്ല എന്നും, പഞ്ചായത്ത് സെക്രട്ടറിയാണ് നഷ്ടത്തിന്റെ ഉത്തരവാദി എന്ന് ഓഡിറ്റ് പാരയിൽ പരാമർശിച്ചിട്ടില്ല എന്നും , 1996-97 ഓഡിറ്റ് പാര 41 പ്രകാരം ഉന്നയിച്ചിട്ടുള്ള ആരോപണം എസ്റ്റിമേറ്റിൽ ലോക്കൽ റേറ്റിൽ തയ്യാറാക്കുന്നതിൽ ഡിപ്പാർട്ടുമെന്റൽ അനുവാദം വാങ്ങിച്ചിട്ടില്ല എന്നാണെങ്കിലും പ്രസ്തുത ഓഡിറ്റ് റിപ്പോർട്ടിലെ പാര 40 ൽ ഓഡിറ്റ് വിഭാഗം തന്നെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത് ഡിപ്പാർട്ട്മെന്റൽ റേറ്റിലാണെന്ന് വ്യക്തമാക്കിയിട്ടുണ്ടെന്നും , ലോക്കൽ ഫണ്ട് ഓഡിറ്റ് വിഭാഗം ആരോപിക്കാത്ത കുറ്റത്തിന് ഇനിയും വിചാരണക്കും ശിക്ഷാവിധിക്കും വിധേയനാക്കാതെ അടിയന്തരമായി ഈ വിഷയത്തിൽ തീർപ്പു കൽപ്പിച്ച് കുറ്റവിമുക്തനാക്കി പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കണമെന്നും അപേക്ഷിച്ചിരുന്നു.

ശ്രീ.ഏണസ്റ്റ് എടപ്പള്ളിയുടെ മറുപടിയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (5) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരുന്നു. പ്രസ്തുത കാലയളവിൽ സെക്രട്ടറിയായിരുന്ന ശ്രീ. ഏണസ്റ്റ് എടപ്പള്ളി പഞ്ചായത്തിന് ഉണ്ടായ സാമ്പത്തിക നഷ്ടത്തിന് ഉത്തരവാദിയാണെന്ന് അന്വേഷണത്തിൽ വ്യക്തമായിട്ടുണ്ടെന്നും ടിയാൾ ജോലി ചെയ്ത കാലയളവിലാണ് രാമഞ്ചിറ റോഡ് മെറ്റലിംഗ്, ടാറിംഗ് പ്രവൃത്തികൾ നടന്നതെന്ന പരാമർശത്തിന്മേൽ പഞ്ചായത്ത് ഡയറക്ടറുടെ ഓഫീസിലെ സീനിയർ ഫിനാൻസ് ഓഫീസർ മുഖേന അന്വേഷണം നടത്തിയിരുന്നുവെന്നും , എന്നാൽ ടിയാൻ സെക്രട്ടറിയായിരുന്ന കാലയളവിലെ ക്യാഷ്ബുക്ക് വൗച്ചറുകൾ, ചെക്ക് ബുക്ക് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ ടിയാന്റെ കാലയളവിൽ തുക വിനിയോഗിച്ചിട്ടുണ്ടോ എന്ന് കണ്ടെത്താനായിട്ടില്ലെന്നും, ,ലഭ്യമല്ലാത്ത രേഖകളെല്ലാം ശ്രീ. ഏണസ്റ്റ് എടപ്പള്ളി നേരിട്ട് ഹാജരാക്കി കൊള്ളാമെന്ന് ഉറപ്പ് നൽകിയെങ്കിലും ടിയാൻ ആയത് ഹാജരാക്കിയില്ലെന്നും വിശദീകരണത്തിലും ആയത് സംബന്ധിച്ച് പുതിയ വാദഗതികളൊന്നും ഉന്നയിച്ചിട്ടില്ലെന്നും ആയതിനാൽ ടിയാനെതിരായ കുറ്റാരോപണങ്ങൾ നിലനിൽക്കുന്നതായും വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

ശ്രീ.ഏണസ്റ്റ് എടപ്പള്ളിക്കെതിരെ കഠിന ശിക്ഷയുള്ള അച്ചടക്ക നടപടി ആയതിനാൽ ടിയാനെതിരെ സ്വീകരിച്ച അച്ചടക്ക നടപടി സ്ഥിരപ്പെടുത്തുന്നതിന് മുൻപായി ഇക്കാര്യത്തിൽ ഔപചാരിക അന്വേഷണം നടത്തുന്നതിന് കാസർഗോഡ് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി പരാമർശം (6) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ കാസർഗോഡ് ഡെപ്യൂട്ടി ഡയറക്ടർ പരാമർശം (7) പ്രകാരം റിപ്പോർട്ട് ലഭ്യമാകുകയും ചെയ്തിരുന്നു.

പ്രസ്തുത റിപ്പോർട്ട് പ്രകാരം, 1996-97 വർഷത്തെ ചെലവുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളുടെ അടിസ്ഥാനത്തിൽ പ്രവൃത്തികളിൽ നടന്ന ക്രമക്കേടുകൾ സംബന്ധിച്ച രേഖകളും ഫയലുകളും പരിശോധനയ്ക്ക് ലഭിക്കാത്ത സാഹചര്യത്തിൽ ക്രമക്കേട് നടന്നത് ശ്രീ. ഏണസ്റ്റ്

ഇടപ്പള്ളിയുടെ കാലയളവിലാണെന്ന് കൃത്യമായി കണ്ടെത്താൻ സാധിച്ചിട്ടില്ല എന്നും, കൂടാതെ ഉത്തരവാദിയായ സെക്രട്ടറി എന്ന നിലയിൽ ടിയാന്റെ പേരിൽ സർചാർജ് നോട്ടീസും പുറപ്പെടുവിച്ചിട്ടില്ല എന്നും 1996-97 വർഷത്തെ രേഖകൾ സംബന്ധിച്ചു ഇത്രയും വർഷം കഴിഞ്ഞതിനാൽ കൃത്യമായ നിഗമനത്തിലെത്താൻ സാധിക്കുന്നില്ല എന്നും ആയതിനാൽ ടി വിഷയത്തിൽ ശ്രീ ഏണസ്റ്റ് എടപ്പള്ളിയുടെ പ്രതിമാസ പെൻഷനിൽ നിന്നും 500/- രൂപ വീതം 5 വർഷത്തേക്ക് കുറവ് വരുത്താനുള്ള തീരുമാനത്തിന്മേൽ ടിയാന്റെ അപേക്ഷ പരിഗണിക്കാവുന്നതാണ് എന്നും റിപ്പോർട്ട് ചെയ്തിരുന്നു.

മേൽ അന്വേഷണ റിപ്പോർട്ടിന്മേലുള്ള പഞ്ചായത്ത് വകുപ്പ് ഡയറക്ടറുടെ പരാമർശം (8) റിപ്പോർട്ട് പ്രകാരം ശ്രീ.ഏണസ്റ്റ് എടപ്പള്ളി ചെറുവത്തൂർ ഗ്രാമപഞ്ചായത്തിൽ 23.12.1996 ൽ സെക്രട്ടറിയായി ചുമതലയേറ്റതായി ചാർജ്ജ് കൈമാറ്റ റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുള്ളതായും, ടിയാളുടെ കാലയളവിലെ ഹാജർ പുസ്തകം പരിശോധനയ്ക്ക് ലഭ്യമായിട്ടില്ലെന്നും പരിശോധന സമയത്ത് ഹാജരാക്കിയ ഫയലുകൾ പരിശോധിച്ചതിൽ ഓഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പ് ഏണസ്റ്റ് എടപ്പള്ളിക്ക് അയച്ചുകൊടുത്തിട്ടുള്ളതാണെന്നും എന്നാൽ പ്രസ്തുത ഓഡിറ്റ് റിപ്പോർട്ടിന്മേൽ ശ്രീ.ഏണസ്റ്റ് എടപ്പള്ളി മറുപടി സമർപ്പിച്ചിട്ടില്ലാത്തതുമാണെന്നും ഡയറക്ടർ അറിയിച്ചിരിക്കുന്നു. 2012, 2016 എന്നീ വർഷങ്ങളിൽ ശ്രീ. ഏണസ്റ്റ് എടപ്പള്ളിയുമായി ബന്ധപ്പെട്ട വിഷയത്തിൽ പഞ്ചായത്ത് ഡയറക്ടർ സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടുകളിൽ ടിയാൻ പഞ്ചായത്തിന് ഉണ്ടായ സാമ്പത്തിക നഷ്ടത്തിന് ഉത്തരവാദിയാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇതു സംബന്ധിച്ച് സീനിയർ ഫിനാൻസ് ഓഫീസർ ലഭ്യമാക്കിയ അന്വേഷണ റിപ്പോർട്ടിൽ പരിശോധനാ സമയത്ത് ഹാജരാക്കിയ ഫയലുകൾ പരിശോധിച്ചതിൽ ഓഡിറ്റ് റിപ്പോർട്ട് ശ്രീ. ഏണസ്റ്റിന് അയച്ചു കൊടുത്തതിന്റെയും ടിയാൻ ആയത് കൈപ്പറ്റിയതിന്റെയും രേഖകൾ ഉണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ കേരള നിയമസഭാ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി 7 -ാമത് റിപ്പോർട്ടിലെ 50 -ാം ഖണ്ഡികയിൽ പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടാക്കിയ മുൻ സെക്രട്ടറി ശ്രീ. ഏണസ്റ്റിൽ നിന്നും തുക പിഴപ്പലിശ ഉൾപ്പെടെ അടിയന്തിരമായി ഈടാക്കി ബന്ധപ്പെട്ട രേഖകൾ സഹിതം റിപ്പോർട്ട് ലഭ്യമാക്കുവാൻ ശിപാർശ ചെയ്തിട്ടുമുണ്ട്. പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം' എന്ന തലക്കെട്ടിൽ ഖണ്ഡിക 39 പ്രകാരം ഓഡിറ്റ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയിരിക്കുന്നത് 59,453/- രൂപയും, ഖണ്ഡിക 40 പ്രകാരം 92,558/- രൂപയുമാണ്. ഈ തുകയുടെ ബാദ്ധ്യതയ്ക്ക് ഉത്തരവാദിയായ ഉദ്യോഗസ്ഥൻ ശ്രീ ഏണസ്റ്റ് എടപ്പള്ളി എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ടിയാൻ സെക്രട്ടറിയായിരുന്ന കാലയളവിലെ ക്യാഷ് ബുക്കിന്റെ 15, 20 പേജുകളുടെ കോപ്പി മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. ലഭ്യമല്ലാത്ത രേഖകളെല്ലാം നേരിട്ട് ഹാജരാക്കാം എന്ന് അറിയിച്ചിരുന്നതാണെങ്കിലും അന്വേഷണത്തിന്റെ നാൾവഴിയിലൊരിക്കലും പ്രസ്തുത രേഖകളോ, ടിയാൻ കുറ്റക്കാരനല്ല എന്ന് തെളിയിക്കുന്ന മറ്റ് രേഖകളോ സമർപ്പിച്ചിരുന്നില്ല. ശ്രീ.ഏണസ്റ്റ് ഇടപ്പള്ളിയുടെ ഭാഗത്തു നിന്നുള്ള വീഴ്ചകൾ കാരണം സർക്കാരിന് നഷ്ടം സംഭവിച്ചിട്ടുണ്ടെങ്കിലും 1996-97 വർഷങ്ങൾക്ക് മുൻപ് നടപ്പാക്കിയ റോഡ് പണികളിലെ നഷ്ടം വ്യക്തമായ രേഖകളുടെ അഭാവത്തിൽ തെളിയിക്കാൻ കഴിഞ്ഞിട്ടില്ലെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

ബന്ധപ്പെട്ട രേഖകളുടേയും വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടുകളുടേയും അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ലഭ്യമായ രേഖകൾ പ്രകാരം കാസറഗോഡ് ജില്ലയിലെ ചെറുവത്തൂർ ഗ്രാമപഞ്ചായത്തിന്റെ ഉപാധിരഹിത ഫണ്ട് ഉപയോഗിച്ച് പഞ്ചായത്ത് നടത്തിയ നിർവ്വഹണ പദ്ധതികളിൽ ഇക്കാലയളവിൽ പഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ.ഏണസ്റ്റ് എടപ്പള്ളിയുടെ ഭാഗത്ത് നിന്നുണ്ടായ വീഴ്ചകൾ കാരണം ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി(2006-08)യുടെ പരാമർശ റിപ്പോർട്ട് പ്രകാരമുള്ള ക്രമക്കേടുകൾ ഉണ്ടായിട്ടുള്ളതായി വ്യക്തമായിട്ടുള്ള സാഹചര്യത്തിൽ ശ്രീ. ഏണസ്റ്റ് എടപ്പള്ളിയുടെ പ്രതിമാസ പെൻഷനിൽ നിന്നും 500/- രൂപ വീതം 5 വർഷത്തേക്ക് കുറവ് വരുത്താനുള്ള തീരുമാനം സ്ഥിരപ്പെടുത്തുന്നതിന്മേൽ ബഹു.കേരള പബ്ലിക് സർവീസ് കമ്മീഷന്റെ

അഭിപ്രായം ആരാഞ്ഞിരുന്നു. കേരള നിയമ സഭാ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2006-08) യുടെ 7-ാമത് റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുള്ളത് പ്രകാരം കാസർഗോഡ് ജില്ലയിലെ ചെറുവത്തൂർ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. ഏണസ്റ്റ് എടപ്പള്ളിക്കെതിരെ ഉന്നയിക്കപ്പെട്ടിട്ടുള്ള വീഴ്ചകൾ നിലനിൽക്കുന്നു എന്ന് വിലയിരുത്തി ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 500 രൂപ വീതം 5 വർഷത്തേക്ക് കുറവ് ചെയ്യാൻ കൈക്കൊണ്ട സർക്കാരിന്റെ താത്ക്കാലിക തീരുമാനത്തോട് പബ്ലിക് സർവ്വീസ് കമ്മീഷൻ പരാമർശം (9) പ്രകാരം യോജിപ്പ് പ്രകടിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ കാസർഗോഡ് ജില്ലയിലെ ചെറുവത്തൂർ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. ഏണസ്റ്റ് ഇടപ്പള്ളിയുടെ പ്രതിമാസ പെൻഷനിൽ നിന്നും കെ.എസ്.ആർ പാർട്ട് III ചട്ടം (3)a പ്രകാരം 500/- രൂപ വീതം 5 വർഷത്തേക്ക് കുറവ് ചെയ്യുന്നതിന് സർക്കാർ എടുത്ത താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ടിയാനെതിരെ ആരംഭിച്ച അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവാകുന്നു. തദ്ദേശ സ്വയംഭരണ (റൂറൽ) വകുപ്പ് ഡയറക്ടർ ഇക്കാര്യത്തിൽ അനന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

1. ഡയറക്ടർ, തദ്ദേശ സ്വയംഭരണ (റൂറൽ) വകുപ്പ്, തിരുവനന്തപുരം.
2. ശ്രീ. ഏണസ്റ്റ് എടപ്പള്ളി, മുൻ സെക്രട്ടറി, ചെറുവത്തൂർ ഗ്രാമപഞ്ചായത്ത്, കാസർഗോഡ് (ഡയറക്ടർ, തദ്ദേശ സ്വയംഭരണ (റൂറൽ), തിരുവനന്തപുരം മുഖേന).
3. ഡെപ്യൂട്ടി ഡയറക്ടർ, തദ്ദേശ സ്വയംഭരണ (റൂറൽ) വകുപ്പ്, കാസർഗോഡ്.
4. സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
5. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം.
6. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/324/2015/തസ്വഭവ നമ്പർ ഫയലിലേക്ക്).

ഉത്തരവിൻ പ്രകാരം

Signed by
Noushad M
Date: 19-06-2023 10:27:58
സെക്ഷൻ ഓഫീസർ